## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1599 | 21.03.2012 ൽ മറുപടിയ്ക്ക്

# കർഷകരുടെ രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. മുരളീധരൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കർഷകർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | കർഷകരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇതുകൊണ്ട് കർഷകർക്കുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | 1) കർഷകർക്കായുള്ള എല്ലാ ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടു വഴി ലഭ്യമാക്കുന്നതാണ്.<br>2) പ്രസ്തുത ഡാറ്റാബേസ് സൃഷ്ടിക്കുന്നതു വഴി കർഷകർക്ക് ആനുകൂല്യങ്ങൾ കാര്യക്ഷമമായി വിതരണം നടത്തുന്നതിനുള്ള ആസൂത്രണത്തിന് വളരെയധികം ഉതകുന്നതാണ്.<br>3) സഹായധനം ലഭിക്കുന്നതിനായി കർഷകർ ഓഫീസ് കയറിയിറങ്ങുന്നത് ഒഴിവാകും.<br>4) കൃഷി ഉദ്യോഗസ്ഥരുടെ സേവനസമയം വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി കൂടുതൽ ഉപയോഗിക്കാൻ കഴിയും. |
| (സി) ആദ്യഘട്ടത്തിൽ രജിസ്ട്രേഷൻ നടപ്പാക്കുന്നത് എവിടെയാണ്; | (സി) | വയനാട് ജില്ലയിൽ |
| (ഡി) സംസ്ഥാനം മുഴുവൻ രജിസ്ട്രേഷൻ വ്യാപിപ്പിക്കുമോ? | (ഡി) | സംസ്ഥാനമൊട്ടാകെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ